32
7/9

017570

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.റ്റി.റ്റി.രാജലക്ഷ്മി ഫയൽ ചെയ്ത OA 947/2017 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.06.2017 ലെ ഉത്തരവിലെ നിർദേശം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ)/1165/2017/തൊഴിൽ** തിരുവനന്തപുരം,തീയതി, 26/08/2017

പരാമർശം:-

1 ) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 16.05.2017 ലെ ഇ1-5091/2017/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

2 ) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഡോ.റ്റി.റ്റി.രാജലക്ഷ്മി ഫയൽ ചെയ്ത OA 947/2017 ലെ 25.05.2017 ലെ ഇടക്കാല ഉത്തരവ്.

3 ) ഡോ.റ്റി.റ്റി. രാജലക്ഷ്മി തീയതി രേഖപ്പെടുത്താതെ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure A4 in OA 947/2017) .

4 ) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 12.06.2017 ലെ ഇ1-5091/2017/ഡി.ഐ.എം.എസ് നമ്പർ കത്ത്.

5 ) ഡോ.റ്റി.റ്റി. രാജലക്ഷ്മി 12.06.2017 തീയതിയായി സർക്കാരിൽ സമർപ്പിച്ച അപേക്ഷ (Annexure A5 in OA 947/2017).

6) 24.06.2017 ലെ LBRD-F1/144/2017-LBRD നമ്പർ സർക്കാർ കത്ത്.

7) OA 947/2017 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.06.2017 ലെ ഉത്തരവ്

8) 12.07.2017 ലെ LBRD-F1/144/2017-LBRD നമ്പർ സർക്കാർ കത്ത്.

9) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 20.07.2017 ലെ ഇ1-5091/2017/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ പരിധിയിലുള്ള കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.റ്റി.റ്റി.രാജലക്ഷ്മിയെ നാവായിക്കുളം ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റി പരാമർശം - 1 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ടി വ്യക്തി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 947/2017 ആയി ഒരു ഹർജി ഫയൽ ചെയ്തിരുന്നു. തന്നെ നാവായിക്കുളം ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് റദ്ദാക്കണം എന്നും തിരുവനന്തപുരം നഗരപരിധിക്കുള്ളിലെ ഏതെങ്കിലും ഇ.എസ്.ഐ ആശുപത്രികളിലോ ഡിസ്പെൻസറികളിലോ നിയമിക്കണം എന്നും അഭ്യർത്ഥിച്ചാണ് ടി ഒ.എ ഫയൽ ചെയ്തത്. ടി ഒ.എ യിൽ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം ഡോ.റ്റി.റ്റി രാജലക്ഷ്മി സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2)13.05.2013 മുതൽ കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിചെയ്തുവരുന്ന ഡോ.റ്റി.റ്റി.രാജലക്ഷ്മി കഴിഞ്ഞ 1 0 വർഷമായി നഗരപരിധിയിലുള്ള സ്ഥാപനങ്ങളിലാണ് ജോലി ചെയ്തിട്ടുള്ളത് എന്നും പൊതുസ്ഥലംമാറ്റ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റിയിട്ടുള്ളതെന്നും. പരാമർശം - 4 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തു. മാത്രവുമല്ല കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ചാർജ്ജ് മെഡിക്കൽ ഓഫീസറായിരുന്ന ടി വ്യക്തിയുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും സൂപ്പർവൈസറി ലാപ്സ് ഉണ്ടായതായും ആയതിനാൽ ടി വ്യക്തിക്ക് സ്ഥലംമാറ്റം നൽകേണ്ടത് അനിവാര്യമായിരുന്നുവെന്നും പരാമർശം - 4 പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ.റ്റി.റ്റി.രാജലക്ഷ്മി സമർപ്പിച്ച പരാമ്രശം - 3 ലെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് പരാമർശം 6 പ്രകാരം മറുപടി നൽകിയിരുന്നു.

3) ഡോ.റ്റി.റ്റി.രാജലക്ഷ്മി തന്റെ രോഗാവസ്ഥയും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത് തിരുവനന്തപുരം നഗര പരിധിയുള്ള സ്ഥാപനങ്ങളിലെവിടെയെങ്കിലും നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം - 5 പ്രകാരം സർക്കാരിൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിൽ പേരൂർക്കട ആശുപത്രിയിലും കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിലും ഒഴിവുകൾ നിലവിലുള്ളതായും സൂചിപ്പിച്ചിരുന്നു.

4 ) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഡോ.റ്റി.റ്റി.രാജലക്ഷ്മി ഫയൽ ചെയ്ത OA 947/2017 ൽ പരാമർശം - 7 പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ അപേക്ഷക സമർപ്പിച്ചിരിക്കുന്ന അപ്പീൽ അപേക്ഷയും (Annexure A4 in OA 947/2017) 12.06.2017 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനവും (Annexure A5 in OA 947/2017) സർക്കാർ പരിശോധിച്ച് നിയമപ്രകാരം തീരുമാനമെടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽ ഡോ.റ്റി.റ്റി രാജലക്ഷ്മിക്ക് നിയമനം നൽകാൻ കഴിയുമോ എന്നത് വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം 8 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

5) കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും ഡോ.റ്റി.റ്റി.രാജലക്ഷ്മിയെ സ്ഥലം മാറ്റിയപ്പോൾ ഉണ്ടായ ഒരു ഒഴിവും പേരൂർക്കട ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജീവനക്കാരുടെ പുനർ വിന്യാസം നടത്തിയതിന്റെ അടിസ്ഥാനത്തിലുണ്ടായ ഒരു ഒഴിവും ആണ് ഇപ്പോൾ നിലവിലുള്ളതെന്നും കൃത്യ നിർവഹണത്തിൽ ഉദാസീനതയുള്ള ഡോ.റ്റി.റ്റി.രാജലക്ഷ്മിയെ തിരക്കേറിയ കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിലോ പേരൂർക്കട ഇ.എസ്.ഐ ഡിസ്പെൻസറിയിലോ നിലനിറുത്തുന്ന പക്ഷം വ്യാപകമായ പരാതികൾക്കിടയാക്കുമെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ പരാമർശം 9 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 13.05.2013 മുതൽ കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിചെയ്തുവരുന്ന ഡോ.റ്റി.റ്റി.രാജലക്ഷ്മി കഴിഞ്ഞ 10 വർഷമായി നഗരപരിധിയിലുള്ള സ്ഥാപനങ്ങളിലാണ് ജോലി ചെയ്തു വരുന്നത്. ടി വ്യക്തിയെ പൊതു സ്ഥലംമാറ്റ ചട്ടങ്ങൾ പാലിച്ചാണ് സ്ഥലംമാറ്റിയിട്ടുള്ളത്. കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ടി വ്യക്തി ജോലി ചെയ്തിരുന്ന സമയത്ത് നിരവധി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ കുടിശ്ശികയാക്കിയതുൾപ്പെടെ ഗുരുതരമായ കൃത്യവിലോപവും, സൂപ്പർവൈസറി ലാപ്സും ടി വ്യക്തിയുടെ ഭാഗത്തുനിന്ന് ഉണ്ടായതായുള്ള നിരവധി പരാതികളും ലഭിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി വ്യക്തിയെ കരമന ഇ.എസ്.ഐ ആശുപത്രിയിൽ നിലനിറുത്താനോ തിരക്കേറിയ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നിയമിക്കാനോ കഴിയില്ല. മാത്രമല്ല ഇ.എസ്.ഐ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം മുൻനിർത്തി ചട്ടങ്ങൾ പാലിച്ചാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ

പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ പരാമർശം 3, 5 പ്രകാരം ഡോ.റ്റി.റ്റി.രാജലക്ഷ്മി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ ടി അപേക്ഷകൾ നിരസിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 947/2017 നമ്പറിലുള്ള 5.06.2017 ലെ ഉത്തരവിലെ നിർദേശം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്,തിരുവനന്തപുരം.
ഡോ.റ്റി.റ്റി രാജലക്ഷ്മി,അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖാന്തിരം)
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ/ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
പകർപ്പ്:ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് കത്ത് നം. ഇ1-5091/2017/DIMS Date: 15.07.2017**

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ Dr. Rajalekshmi. T.T - യെ ഉടൻ പ്രാബല്യത്തിൽ കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി**

**സ്വീകർത്താവ്**

1. Insurance Medical Officer,
   ESI Dispensary, Karamana.
2. Dr. Rajalekshmi. T.T,
   Assistant Insurance Medical Officer, ESI Dispensary, Karamana ( Through IMO)
3. The Regional Deputy Director, Insurance Medical Services, South Zone, Kollam.
4. Insurance Medical Officer, ESI Dispensary, Navaikulam.
5. File/Stock file/ Website

ഒപ്പ്/-